കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 14, ചൊവ്വ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2000 മാർച്ച് മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെ അവതരണം

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ..... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ, അങ്ങേയ്ക്ക് 2000-ാമാണ്ടിലെ ബഡ്ജറ്റ്, അതോടൊപ്പം ഫൈനൽ സപ്ലിമെന്ററി ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, 2000-2001-ലെ വോട്ട് ഓൺ അക്കൗണ്ട് എന്നിവ അവതരിപ്പിക്കാം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-2000 -ത്തിലെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ്, ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുന്നു.

സർ,

1. ഈ ഗവൺമെന്റിന്റെ അഞ്ചാമത്തേതും, ഈ നൂറ്റാണ്ടിലേയും സഹസ്രാബ്ദത്തിലേയും ആദ്യത്തേതുമായ ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ഈ ബഡ്ജറ്റ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുമ്പോൾ ഒരു പക്ഷെ സംസ്ഥാന സർക്കാരുകൾ അഭിമുഖീകരിച്ചിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളേക്കാൾ കഠിനമായ ബുദ്ധിമുട്ടുകൾ ഈ സർക്കാർ തരണം ചെയ്തു എന്നറിയിക്കുന്നതിൽ എനിക്ക് അഭിമാനമുണ്ട്. നാം ബുദ്ധിമുട്ടുകളിൽ നിന്ന് വിജയകരമായി പുറത്ത് വന്നു എന്നുമാത്രമല്ല നമ്മുടേതായ പാത ആവിഷ്ക്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്ക് നിലനിർത്തുവാനും കഴിഞ്ഞു. സർ, ഇത്തരം പ്രയാസമേറിയ സന്ദർഭങ്ങ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ളിൽ സൃഷ്ടി പരവും സഹായകരവുമായ ഒരു അന്തരീക്ഷം ഉളവാക്കി തന്നതിൽ അങ്ങയോടും ഈ സഭയിലെ മറ്റംഗങ്ങളോടും എനിക്കുള്ള അഗാധമായ കടപ്പാട് രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനും സംസ്ഥാന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും സഹായകരമായ വിധത്തിൽ തങ്ങളുടെ വകുപ്പുകളുടെ പ്രവർത്തനങ്ങളിൽ വളരെ സമഗ്രവും ദീർഘവീക്ഷണത്തോടും കൂടിയുള്ള സമീപനം സ്വീകരിച്ചതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എന്റെ സഹപ്രവർത്തകരോടും എനിക്ക് കൃതജ്ഞതയുണ്ട്. ശമ്പളപരിഷ്കരണ നിർദ്ദേശങ്ങളും വിജയകരമായിതന്നെ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കി. സാമ്പത്തിക ഭദ്രതയുള്ള പല സംസ്ഥാനങ്ങളും ശമ്പള പരിഷ്കരണം തൊട്ടിട്ടുപോലും ഇല്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിവുള്ളതാണല്ലോ. ശമ്പള പരിഷ്കരണം വമ്പിച്ച സാമ്പത്തിക ബാധ്യതയാണ് സംസ്ഥാന ഖജനാവിന് ഉളവാക്കിയിട്ടുള്ളത്. 1996-97-ൽ ശമ്പളത്തിനുവേണ്ടി പ്രതിമാസം 218 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് ഈ വർഷം പ്രതിമാസം 367 കോടി രൂപ നീക്കിവയ്ക്കേണ്ടി വന്നു. യഥാർത്ഥത്തിൽ കൂടുതൽ സമ്പന്നമായ പല സംസ്ഥാനങ്ങളും സാമ്പത്തിക ഭാരത്താൽ ഞെരുങ്ങുകയാണ്. സാമ്പത്തിക അടിയന്തിരാവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി, അദ്ധ്യാപക നിയമനങ്ങൾ മരവിപ്പിക്കുന്നതുൾപ്പെടെ, ചെലവ് നിയന്ത്രിക്കുന്നതിനുള്ള കടുത്ത തീരുമാനങ്ങൾ അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റുമായി ധാരണാ പത്രം ഒപ്പിടുവാൻ ചില സംസ്ഥാനങ്ങൾ നിർബന്ധിതമായിരിക്കുന്നു. നമുക്ക് ഇത്തരം പ്രതിസന്ധികൾ ഉണ്ടായിട്ടില്ല. കേന്ദ്ര ഗവൺമെന്റുമായി ഇത്തരം ധാരണാ പത്രത്തിൽ ഏർപ്പെടേണ്ടിവന്നിട്ടുമില്ല. ഗവൺമെന്റും നിയമസഭയും നമ്മുടെ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് പരമാധികാരമുള്ള സ്ഥാപനങ്ങളായി ഇന്നും തുടരുന്നു.

2. 1999-2000-മാണ്ടിലെ ബഡ്ജറ്റ് ഞാൻ അവതരിപ്പിച്ചപ്പോൾ 472.05 കോടി രൂപയുടെ മൊത്തം കമ്മി പ്രതീക്ഷിച്ചിരുന്നു എന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർമ്മിക്കുമല്ലോ. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ വിടവ് 129 കോടി രൂപയായി കുറയ്ക്കുമെന്ന് നിർദ്ദേശിച്ചിരുന്നു. വാർഷിക ബഡ്ജറ്റിന് പുറമെ ഉപധനാഭ്യർത്ഥനകൾ വഴി 324.96 കോടി രൂപയുടെ അധികബാധ്യത കൂടി ഏറ്റെടുത്തതുവഴി മൊത്തം കമ്മി 797.01 കോടി രൂപ ആകേണ്ടതായിരുന്നു. എന്നാൽ വിദഗ്ദമായ ധനകാര്യ മാനേജ്മെന്റും സുചിന്തിതമായ തീരുമാനങ്ങളും വിവേകപൂർവ്വമായ സമീപനവും കൊണ്ട് നടപ്പുവർഷം ഈ കമ്മി 141.46 കോടി രൂപ മാത്രമായി ചുരുക്കുവാൻ സാധിക്കുമെന്ന് ഞാൻ ആശിക്കുന്നു.

3. നമ്മുടെ സാമ്പത്തിക ഭദ്രതയ്ക്ക് നേരെയുള്ള മറ്റൊരു പ്രധാന കടന്നാക്രമണത്തിന്റെ വിവരം നിങ്ങളുമായി പങ്കിടാൻ ഞാൻ

ആഗ്രഹിക്കുന്നു. നടപ്പ് വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ 3250 കോടി രൂപയായി നിശ്ചയിച്ച വിവരം നിങ്ങൾ ഓർമ്മിക്കുമല്ലോ. ഈ തീരുമാനമെടുക്കുമ്പോൾ ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തമ്മിൽ 12.4.1999-ൽ നടന്ന കൂടിക്കാഴ്ചയിൽ കേരളത്തിന്റെ കേന്ദ്രവിഹിതം 2117 കോടി രൂപ ആയിരിക്കുമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ, ഇപ്പോൾ 1586 കോടി രൂപയിൽ കൂടുതലായി ഒന്നും പ്രതീക്ഷിക്കേണ്ടതില്ലെന്ന് കേന്ദ്രം നമ്മെ അറിയിച്ചിരിക്കുകയാണ്. 531 കോടി രൂപയുടെ വെട്ടിച്ചുരുക്കൽ സംസ്ഥാനത്തിന്റെ തനത് ധനവിഭവത്തിന്മേൽ വമ്പിച്ച ഭാരമാണ് വരുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി കഴിഞ്ഞു. വ്യക്തമായ ചിത്രം ഒരാഴ്ചക്കകം അറിയാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

4. 2000-2001-ലെ കേന്ദ്ര ബഡ്ജറ്റിൽ കാണപ്പെട്ട തികഞ്ഞ ഭാവനാശൂന്യതയും വ്യക്തമായ ദിശാബോധമില്ലായ്മയും ചൂണ്ടിക്കാണിക്കുന്നതിൽ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ഏകാഭിപ്രായക്കാരായിരുന്നല്ലോ. സാമ്പത്തികരംഗത്ത് കടുത്ത നാണയപ്പെരുപ്പത്തിന് ഇടവരുത്തുന്നതും വ്യാപാരകമ്മി വർദ്ധിപ്പിക്കുവാൻ പര്യാപ്തമായതും, ആഭ്യന്തര ഉൽപാദന മേഖലകളുടെ വേരറുക്കുന്നതുമായ നടപടികളാണ് കസ്റ്റംസ് തീരുവകൾ കുറയ്ക്കുകയും എക്സൈസ് തീരുവകൾ കൂട്ടുകയും എന്നത്. കൂടുതലാളുകളെ നികുതിവലയിൽ കൊണ്ടുവരുകയെന്നതിനാണ് പ്രാധാന്യം നൽകിയതെന്നു കരുതുന്നു. രാജ്യത്ത് സമ്പത്ത് കേന്ദ്രീകരിക്കുന്ന പ്രവണതയ്ക്കു നേരെ കണ്ണടച്ചുകൊണ്ട് ഇടത്തരക്കാരെ ലക്ഷ്യം വച്ചിട്ടുള്ള സമീപനമാണിത്. ദൗർഭാഗ്യമെന്ന് പറയട്ടെ ധനമാനേജ്മെന്റിന്റെ ഊന്നൽ രണ്ട് പിൻതിരിപ്പൻ ദിശകളിലേയ്ക്കാണ്. ഒന്നാമത്തേത്, പാവങ്ങളെ സഹായിക്കുന്നുവെന്ന വ്യാജേന അവർക്കുള്ള സബ്സിഡികൾ വെട്ടികുറക്കുന്നു. രണ്ടാമതായി പൊതുമേഖലയുടെ 'ഓഹരി വിൽപന'യുടെ മറവിൽ രാജ്യത്തിന്റെ അമൂല്യമായ സമ്പത്ത് ക്രമേണ ക്ഷയിപ്പിക്കുന്നു. രാജ്യത്ത് നിലനിൽക്കുന്നത് നികുതി വെട്ടിപ്പും ഒഴിഞ്ഞുമാറലും പൂർണ്ണമായും അവഗണിച്ചുകൊണ്ടുള്ള ധനമാനേജ്മെന്റാണ്. രാജ്യത്തിന്റെ 80 ശതമാനം സമ്പത്തും കൈവശം വച്ചിരിക്കുന്ന ന്യൂനപക്ഷത്തിന്റെ താൽപര്യങ്ങളെ സംരക്ഷിക്കുന്ന പിന്തിരിപ്പൻ നികുതി സമ്പ്രദായമാണ് നടപ്പാക്കി വരുന്നത്. സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന നടപടികൾ ഒരു മേഖലയിലും ദൃശ്യമല്ല. ചുരുക്കിപ്പറഞ്ഞാൽ, നങ്കൂരവും തുഴയും നഷ്ടപ്പെട്ട് പ്രകൃതിയുടെ ദയാദാക്ഷിണ്യത്തിന് വിട്ടുകൊടുക്കപ്പെട്ട വഞ്ചിപോലെ സംഭ്രമജനകമായ ഒരു സമ്പദ്ഘടനയുടെ ചിത്രമാണ് കേന്ദ്രബഡ്ജറ്റിൽ കാണാൻ കഴിയുന്നത്. ഇത്തരം ഒരു ദേശീയ ചുറ്റുപാടിലാണ് എനിക്ക് 2000-2001-ലെ ബഡ്ജറ്റ് അവതരിപ്പിക്കേണ്ടി വന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

5. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച എന്റെ വിലയിരുത്തൽ ഈ മഹനീയ സഭയുടെ മുമ്പിൽ അവതരിപ്പിക്കട്ടെ. തുടർന്ന് അടുത്തവർഷത്തെ പൊതുചെലവുകൾ, ഇതിനാവശ്യമായി വരുന്ന വരുമാന മാർഗ്ഗങ്ങൾ, നികുതിഘടനയിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച് ഞാൻ പ്രതിപാദിക്കുന്നതാണ്.

6. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി ശക്തിപ്പെടുത്തുന്നതിനുവേണ്ടി നാം എടുത്ത നടപടികൾ ഫലപ്രദമായിരുന്നുവെന്ന് കഴിഞ്ഞ മൂന്നുവർഷങ്ങൾ തെളിയിച്ചിരിക്കുന്നു. ഉയർന്നതും സുദൃഢവുമായ വളർച്ചാനിരക്കും തൊഴിലവസരങ്ങളും നേടിയെടുക്കുക എന്നുള്ളതായിരുന്നു നമ്മുടെ സാമ്പത്തിക നയത്തിന്റെ കാതലായ ലക്ഷ്യം. എല്ലാവർക്കും പങ്കാളികളാവാൻ അവസരം നൽകുകയും സാമ്പത്തിക പുരോഗതിയുടെ ഗുണഭോക്താക്കളാകാൻ സാധ്യമാക്കുകയും ചെയ്യുന്ന വിധത്തിൽ സമ്പദ്ഘടനയെ വാർത്തെടുക്കുക എന്നുള്ളതാണ് നമ്മുടെ കാഴ്ചപ്പാട്. ജനങ്ങൾക്കാകെയും വരും തലമുറയ്ക്കും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഉറപ്പ് വരുത്തുക എന്നതാണ് ഇതിനർത്ഥം. പഞ്ചായത്ത് തലം മുതൽ ഉൽപാദനോന്മുഖവും ആരോഗ്യകരവുമായ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിൽ നാം വിജയിച്ചിട്ടുണ്ടെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

7. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 1999-ലെ "Hand Book of Statistics on Indian Economy" എന്ന പ്രസിദ്ധീകരണത്തിലെ കണക്കുകളേക്കാൾ ഒരുപക്ഷേ മറ്റൊന്നിനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ നന്നായി സാക്ഷ്യപ്പെടുത്താൻ കഴിയുന്നതല്ല. ഈ അവലോകനമനുസരിച്ച് 1998 അവസാനം കേരളം സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ അഞ്ചാം സ്ഥാനത്ത് നിൽക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം കഴിഞ്ഞ മൂന്നു വർഷങ്ങളായി പടിപടിയായി വർദ്ധിച്ച് നടപ്പ് വില നിലവാരത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള ഏറ്റവും ഉയർന്ന വളർച്ചാനിരക്കായ 18.03 ശതമാനത്തിലെത്തി. 1993-94-ലെ സ്ഥിരം വില നിലവാരത്തിൽ ഇത് 5.6 ശതമാനമെന്ന ആരോഗ്യകരമായ വളർച്ചാനിരക്കിലാണ്. പ്രതിശീർഷവരുമാനം 1998-99-ൽ 16.85 ശതമാനം വർദ്ധിച്ചു. വളരെ പരിമിതമായ സാമ്പത്തിക സംവിധാനത്തിൽ പ്രവർത്തിക്കുവാൻ നിർബന്ധിതമായ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ നേട്ടങ്ങൾ ഒരുതരത്തിലും ചെറുതായി കാണാവുന്നതല്ല.

8. നിർണ്ണായകമായ ഈ നേട്ടത്തിന് രണ്ടു പ്രധാന കാരണങ്ങളുണ്ടെന്ന് എനിക്ക് നിഷ്പക്ഷമായി പറയാൻ കഴിയും. ആദ്യത്തേത്, ഗവൺമെന്റ് ഭരണ നടപടിക്രമങ്ങളിൽ സ്ഥിരത ഉറപ്പു വരുത്തി എന്നതാണ്. അതോടൊപ്പം തന്നെ സൂക്ഷ്മ സാമ്പത്തിക പരിഷ്ക്കാരങ്ങൾ, പ്രത്യേകിച്ച് വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ നടപ്പാക്കുകയും ചെയ്തു. ജനസേവനങ്ങൾക്കുള്ള ചെലവുകളെ ഉന്നതലക്ഷ്യ സാക്ഷാത്കാരത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ആസൂത്രണം ചെയ്യുകയും സംസ്ഥാനത്ത് വർദ്ധിച്ച നിക്ഷേപങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

9. സംസ്ഥാനത്ത് ഇന്ന് ലക്ഷ്യബോധവും ആത്മവിശ്വാസവും പുനഃസ്ഥാപിക്കുന്നതിലും നാം വമ്പിച്ച പുരോഗതി കൈവരിച്ചിരിക്കുന്നു. കഴിഞ്ഞ ദശകത്തിലെ ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മ നിലവാരം അനുഭവപ്പെട്ട വർഷമാണ് 1999 എന്ന് ഈ സഭയെ അറിയിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ അനുപാതത്തിൽ തൊഴിൽരഹിതരുടെ എണ്ണത്തിൽ 1999-ൽ 0.83 ശതമാനം കുറവുണ്ടായിട്ടുണ്ട്. ആദ്യമായിട്ടാണ് കേരളത്തിൽ ഇതനുഭവപ്പെടുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണം 1999-ൽ 37.9 ലക്ഷമാണ്. മുൻ വർഷം ഇത് 37.8 ലക്ഷമായിരുന്നു. ഇതിനർത്ഥം തൊഴിൽരഹിതരുടെ എണ്ണം എടുത്തുപറയത്തക്ക രീതിയിൽ വർദ്ധിക്കുന്നില്ല എന്നതാണ്. ചെറുപ്പക്കാരുടെ തൊഴിൽസാധ്യതകൾക്ക് നിർണ്ണായകമായ പുരോഗതി കൈവരിച്ചിരിക്കുന്നു. തൊഴിലില്ലായ്മയ്ക്ക് പരിപൂർണ്ണമായ പരിഹാരം കണ്ടെത്തണം എന്നുള്ളതാണ് നമ്മുടെ ദീർഘകാല സാമ്പത്തിക വീക്ഷണം. എല്ലാവർക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശരിയായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഇല്ലായ്മയുടെ പ്രധാന കാരണങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു.

10. ഒരു ബഡ്ജറ്റിൽ എപ്പോഴും അതിന്റേതായ പ്രത്യേക പദാവലി ഉണ്ടാകാറുണ്ട്. നാം കമ്മിയുടേയും മിച്ചത്തിന്റേയും ശതമാനത്തിന്റേയും സൂചികകളുടേയും ഭാഷയിൽ സംസാരിക്കുന്നു. ഇത് ഒരുപക്ഷെ നമ്മുടെ സംവിധാനത്തിൽ ആഴത്തിൽ മുദ്രണം ചെയ്ത ഒരു രീതികൊണ്ടാവാം. എന്നാൽ ഇത് ബഡ്ജറ്റിന്റെ യഥാർത്ഥചിത്രം മറച്ചുവയ്ക്കുന്ന തരത്തിൽ ആകുന്നത് ശരിയല്ല. കഴിഞ്ഞ രണ്ട് കൊല്ലങ്ങളിലായി സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തികഭാരത്തെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. റവന്യൂ കമ്മി 1996-97-ൽ 643 കോടി രൂപ ആയിരുന്നത് 98-99-ൽ 2027 കോടി രൂപയായി വർദ്ധിച്ചു എന്നതിൽ സംശയമില്ല. ഇവിടെ ഒരു യാഥാർത്ഥ്യം ഈ സഭയെ ഞാൻ ഓർമ്മിപ്പിക്കട്ടെ. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ അക്കൗണ്ടിംഗ് രീതിയനുസരിച്ച് എല്ലാ ഗ്രാന്റുകളും റവന്യൂ ചെലവായിട്ടാണ് തരം തിരിച്ചിരിക്കുന്നത്. നമ്മുടെ പദ്ധതി വിഹിതത്തിന്റെ ഏതാണ്ട് 40 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റായിട്ടാണ് നൽകുന്നത് എന്ന വിവരം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിവുള്ളതാണ്. ഇതിൽ 70 ശതമാനവും മൂലധന ചെലവുകൾക്കായിട്ടാണ് ചെലവഴിക്കുന്നതെങ്കിലും ഇത് റവന്യൂ ചെലവായിട്ടാണ് കണക്കിൽ വരുന്നത്. ഇപ്രകാരം കഴിഞ്ഞ നാലു വർഷങ്ങളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ 2931

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ ഗ്രാന്റ് റവന്യൂ ചെലവായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഇതിന്റെ 70 ശതമാനവും മൂലധന ചെലവിലേക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ഇത് കാരണം ബഡ്ജറ്റ് കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന റവന്യൂ കമ്മി യഥാർത്ഥസ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല. പതിനൊന്നാം ധനകാര്യ കമ്മീഷൻപോലും ഈ പോരായ്മ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇത്രയധികം മൂലധന ചെലവുകൾ നിർവഹിച്ചതിന്റെ മാത്രം ഫലമായിട്ടാണ് സംസ്ഥാനത്ത് ഇപ്പോഴത്തെ ഉയർന്ന വളർച്ചാനിരക്ക് നേടിയെടുക്കുന്നതിനും അത് നിലനിറുത്തുന്നതിനും സാധ്യമായിട്ടുള്ളത്.

11. ധനകാര്യ മന്ത്രി എന്ന നിലയിൽ എന്നിൽ സന്തോഷമുളവാക്കിയ മറ്റൊരു വിഷയം നിങ്ങളുമായി പങ്കിടുവാൻ ഞാൻ ആഗ്രഹിക്കുന്നു. മൂലധന നിക്ഷേപങ്ങളിലൂടെയാണ് സംസ്ഥാനം അതിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതെന്ന കാര്യം നിങ്ങൾ അംഗീകരിക്കുമല്ലോ. എനിക്ക് അഭിമുഖീകരിക്കേണ്ടിവന്ന വിഷമകരമായ സാഹചര്യത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൻതോതിൽ വിഭവ വിഹിതം കൈമാറിയ ശേഷവും, കഴിഞ്ഞ മൂന്ന് വർഷങ്ങളായി മൂലധന ചെലവുകളിൽ യാതൊരു കുറവും വരുത്തിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മൂലധന ചെലവുകൾ 95-96-ൽ 563 കോടി രൂപയായിരുന്നത് തുടർച്ചയായി വർദ്ധിച്ച് ഈ വർഷം 765 കോടി രൂപയിലെത്തിയിട്ടുണ്ട്. ഈ പ്രവണത ഇന്നു ഞാൻ സഭയിൽ അവതരിപ്പിക്കുന്ന 2000-2001 വർഷത്തെ ബഡ്ജറ്റിലും തുടരാൻ ഉദ്ദേശിക്കുന്നു. ഈ സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമം അംഗീകരിച്ചത് ഓർക്കുമല്ലോ. നിക്ഷേപകരിൽനിന്നും 507 കോടി രൂപ സമാഹരിക്കുന്നതിൽ നാം വിജയിച്ചു. 2000-2001-ലേക്കുള്ള ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതിനു പുറമേ ഫണ്ടിൽ നിന്ന് കുറഞ്ഞത് 200 കോടിരൂപയെങ്കിലും മൂലധന നിക്ഷേപത്തിലേയ്ക്ക് അധികമായി നൽകാൻ കഴിയുമെന്ന വിശ്വാസമുണ്ട്. 25 കോടി രൂപ ഈ ഫണ്ടിന്റെ മൂലധന വിഹിതമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ മറ്റ് സംവിധാനങ്ങൾക്കൊപ്പം BOT (ബിൽഡ്-ഓൺ-ട്രാൻസ്ഫർ) വഴിയും BOOT (ബിൽഡ്-ഓൺ-ഓപ്പറേറ്റ്-ട്രാൻസ്ഫർ) വഴിയും നടപ്പാക്കുന്നതിന് സഹായകരമായ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതെല്ലാംതന്നെ ശക്തവും ചലനാത്മകവുമായ കേരളത്തിന് അടിത്തറ പാകുന്ന സംരംഭങ്ങളാണ്.

12. ഏഷ്യൻ വികസന ബാങ്കിൽനിന്ന് കാര്യമായ സാമ്പത്തികസഹായം കേരളത്തിന്റെ വികസനത്തിന് ലഭിക്കാൻ സാധ്യതയുണ്ടെന്ന കാര്യം ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഇന്ത്യയുടെ ആണവ പരീക്ഷണത്തിന്റെ ഫലമായി ഏർപ്പെടുത്തപ്പെട്ട, ഉപ

LIBRARY ARCHIVES Kerala Legislative Assembly

രോധം ഈ സഹായത്തിന് കാലവിളംബം സൃഷ്ടിച്ചു. എന്നാൽ എ.ഡി.ബി. നമ്മുടെ ഗവൺമെന്റുമായുള്ള ചർച്ച പുനാരാംഭിച്ചിട്ടുണ്ട്. ഈ വർഷം തന്നെ കരാറിലേർപ്പെടാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയേക്കാവുന്ന സംഭവ വികാസമാണിത്.

13. വിവിധ മേഖലകളിലുള്ള വളർച്ച ശുഭ പ്രതീക്ഷയ്ക്ക് വക നൽകുന്നു. 1995 മുതൽ 1998 വരെ കുറഞ്ഞു വന്നിരുന്ന വളർച്ചാ നിരക്ക് ഇപ്പോൾ ഗണ്യമായി മെച്ചപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി വളർച്ചാ നിരക്ക് 1.3 ശതമാനമായിരുന്നത് ഇപ്പോൾ 3.82 ശതമാനമായി വർദ്ധിച്ചു. അതു പോലെതന്നെ 1996-97-ൽ വളർച്ചാ നിരക്ക് പിന്നോട്ടടിച്ച ഉൽപാദനമേഖല കഴിഞ്ഞ രണ്ട് വർഷങ്ങളിൽ അഭിമാനകരമായ ഏഴ് ശതമാനത്തിലധികം വളർച്ചാനിരക്ക് കൈവരിച്ചിരിക്കുന്നു.

14. രണ്ട് കാര്യങ്ങൾക്കാണ് ഞാൻ ഈ ബഡ്ജറ്റിൽ ഊന്നൽ നൽകുന്നത്. സംസ്ഥാനത്തിന്റെ വളർച്ചക്ക് ഏറ്റവുമധികം പ്രയോജനപ്പെടുന്ന സാമ്പത്തികമേഖലയ്ക്ക് പണം നീക്കിവയ്ക്കുവാൻ ഞാൻ ഇതിൽ ശ്രമിച്ചിട്ടുണ്ട്. മറ്റുള്ളവയോടൊപ്പം അടിസ്ഥാനമേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, കൃഷി എന്നിവയ്ക്ക് അതേ തീവ്രതയോടെ തുടർന്നും ആവശ്യമായ നിക്ഷേപം നടത്തുമെന്ന കാര്യത്തിൽ സംശയമില്ല. വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം എന്നീ മേഖലകളിൽ കൂടുതൽ മുതൽ മുടക്കിയാൽ ഉണ്ടാകുന്ന നേട്ടങ്ങളും ബഡ്ജറ്റ് തിരിച്ചറിയുന്നു. ഈ മേഖലകളിലെ അധിക നിക്ഷേപം ഇന്നു നിലനിൽക്കുന്ന സാമ്പത്തികവളർച്ചയ്ക്ക് കൂടുതൽ ആക്കം കൂട്ടുവാൻ കഴിയും. അതേസമയം തന്നെ നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ച കണക്കുകളിൽ നിന്നും റവന്യൂകമ്മിയുടെ വളർച്ച ഈ വർഷം പിടിച്ചുനിർത്താൻ ഞാൻ ശ്രമിച്ചിട്ടുള്ളതായി കാണാം. വരും കാലങ്ങളിലും സർക്കാരിന്റെ ഗൗരവമുള്ള പ്രശ്നങ്ങളിലൊന്നായി ഇത് തുടരും.

15. വിവിധ മേഖലകൾക്ക് നീക്കിവച്ചിട്ടുള്ള ചെലവിനങ്ങളെ സംബന്ധിച്ച് ഇനി ഞാൻ പ്രതിപാദിക്കട്ടെ.

വിവര സാങ്കേതിക വിദ്യ (ഐ.ടി.)

16. ഓരോ വകുപ്പും അതിന്റെ പദ്ധതിവിഹിതത്തിന്റെ മൂന്ന് ശതമാനം തുക ഭരണരംഗത്ത് വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് മാറ്റി വയ്ക്കുന്നതാണെന്ന് കഴിഞ്ഞവർഷം പ്രഖ്യാപിച്ചിരുന്നു. അതോടൊപ്പംതന്നെ വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി പുതിയ വ്യവസായ യൂണിറ്റുകൾക്ക് ആകർഷകമായ ഒരു പാക്കേജ് ഞാൻ നൽകിയിരുന്നു. വിവര സാങ്കേതിക രംഗത്ത് സർക്കാർ എടുത്തിട്ടുള്ള പ്രാരംഭ നടപടികൾക്ക് കാര്യമായ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയുടെ അടിസ്ഥാന സൗകര്യം ഒരുക്കലിന്റെ ആദ്യഘട്ടം നടപ്പിലാക്കി വരുന്നു. ഉപജില്ലാ ആസ്ഥാനങ്ങളെ ബന്ധി

LIBRARY ARCHIVES Kerala Legislative Assembly

1. 30.48 X 17.78 മുതൽ 40.64 X 22.86 വരെ	25,000 രൂപ
2. 40.64 X 22.86 മുതൽ 76.20 X 20.32 വരെ	50,000 രൂപ
3. 76.20 X 20.32, 76.20 X 22.86, 106.68 X 15.24	1 ലക്ഷം രൂപ

Mr. Speaker : Thank you Mr. Sivadasa Menon for your tedious Budget work.

ഓർഡർ.....ഓർഡർ.....ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾതന്നെ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എം.എൽ.എ. ഹോസ്റ്റലിൽ അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. പത്ര പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് ടേബിൾ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്നും ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു).

മി. സ്പീക്കർ : എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പി.....ട്ടുണ്ടാകുമെന്ന് കരുതുന്നു.

ഓർഡർ.....ഓർഡർ..... .....സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ† രാവിലെ 10.22-ന് യോഗം പിരിഞ്ഞു.)

അനുബന്ധം I

Sir,

I rise to present my budget for the financial year 2000-2001.

1. Sir, I take pride in being able to present the fifth budget of this Government and the first of this century and millennium. While presenting the budget before you, I also take pride that this Government has traversed possibly the worst of financial hardship that State Governments have faced. We have emerged successful and are still free to charter our own course. Sir, I wish to place on record, my deep appreciation to you and the members of this house for providing a most constructive and positive environment in such difficult times. I also wish to thank the Hon. Chief Minister and my Cabinet colleagues for taking a very holistic and forward looking approach in their departmental activities, so that we could sustain our finances and ensure the completion of developmental projects. The State has also successfully implemented its Pay revision proposals. Hon. Members would be aware that even many financially healthy states have not touched pay revision. The proposals have been a heavy drain on the state exchequer in that as against Rs. 218

† ബഡ്ജറ്റ് പ്രസംഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷ അനുബന്ധമായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

cr. disbursed monthly on salaries in 1996-97, in the current year we have had to set apart Rs. 367 cr. per month. In fact some of the more prosperous States have buckled under the fiscal strain. To avert a financial emergency, some of them had to sign a Memorandum of Understanding with Government of India to undertake hard decisions to control expenditure including a freeze on hiring new teachers. We have had no such crisis. We have had to undertake no such MOU with the Centre. The Government and the Legislature still continue to be the supreme decision making authority in all matters, financial.

2. Hon. Members may recall that while presenting the budget estimates for 1999-2000, I had anticipated an overall deficit of Rs. 472.05 cr. In my budget speech, I had proposed to reduce the gap to Rs. 129 cr. Besides the annual budget, we have had an additional commitment of Rs. 324.96 cr. in the Supplementary Demand for grants, which would have implied a deficit of Rs. 797.01 cr. However, by astute fiscal management, well considered decisions and a prudent approach we hope to close the year with an overall deficit of Rs. 141.46 cr. only.

3. I wish to share with you another major assault on our financial well-being. You may recall that the current year Annual Plan outlay was fixed at Rs. 3250 cr. While doing so, in a meeting that the Deputy Chairman, Planning Commission had with the Hon. Chief Minister on 12.4.99, it was decided that the central devolution to Kerala would be Rs. 2117 cr. We are now informed that the State cannot expect an amount more than Rs. 1586 cr. This cut of Rs. 531 cr. imposes a very heavy burden on the State's own resources to finance the Annual Plan. The Chief Minister has already taken up this issue with Government of India and we hope to get the final picture in about a week's time.

4. Hon. Members have been practically unanimous pointing out the absence of any clear direction and indeed, the lack of imagination that is seen in the Union Budget for 2000-01. Customs duty has been lowered and excise duty has been hiked-measures that are sure to strike at the roots of out indigenous manufacturing sector and certainly widen our trade deficit, apart from inducing strong inflationary trends in economy. The emphasis seems to be on bringing in more tax payers within the tax net. The approach seems to be targeted at the middle class and turns a blind eyes to the pattern of concentration of wealth in the country. Unfortunately, the focus in fiscal management lies in two retrograde directions the first in reducing subsidies for the poor under the guise of 'targeting' them and the second in frittering away the precious wealth of the nation under the camouflage of 'disinvestments'. Financial management totally ignores the extent of tax evasion and avoidance prevalent in the country. There is a regressive movement towards a tax regime that preserves and protects the interest of a small fraction of our population, which owns 80% of the total wealth of the country. Hardly any sector in the economy has been given

LIBRARY ARCHIVES Kerala Legislative Assembly

the momentum for growth in the Union Budget. Suffice it to say, one sees a very dismal picture of the economy in the Central Budget as a rudderless boat, cut loose from its anchor and left to the vagaries of the weather. It is against this national backdrop that I have to present my budget for 2000-2001.

5. Let me now place before this august house, my assessment of our state's economic performance. I shall follow that up with Government's plans for public spending for the coming year; and finally I intend to explain how I propose to raise revenue to cover Government spending, and what changes I plan to make to the tax system.

6. The last three years have proven that the steps that we have taken to strengthen the finances of the State and economy are paying off. Our central economic objective has been to achieve high and stable levels of growth and employment. The vision has been to build an economy in which everyone has the opportunity to participate and share in the benefits of economic success. This means providing a better quality of life for present and succeeding generations. I firmly believe that we have been successful in strengthening the sinews of a healthy and productive economy, right from the Panchayat level.

7. Perhaps no better affirmation of the State's economic growth could have come than from the data given in the Reserve Bank of India's handbook of statistics of the Indian Economy for 1999. Based on this, Kerala has been ranked fifth in the country on the basis of economic growth as at the end of 1998. On current prices, the State Domestic Product has grown steadily for the third consecutive year and has reached an all time high of 18.03%, and in constant prices, at 1993-94 levels, has recorded a healthy 5.6% growth rate. Per capita income has also registered an annual growth rate of 16.85% in 1998-99. These are by no means, asmall achievement for this Government, which had to operate within a very restricted financial regimen.

8. I can, in all fairness, say that this remarkable achievements is because of two main factors. Government has delivered both administrative stability and microeconomic reforms particularly through the decentralized planning process. It has targeted public service expenditure well and created the right conditions for investment.

9. We have made great progress today in restoring to the State a sense of purpose and confidence. I am happy to inform this house that in 1999 unemployment in the State touched its lowest level in the last decade. As a percentage of total population of the State there has been a decline of 0.83% in 1999. This is the first time that Kerala has been able to reverse unemployment. The number of registered job seekers in employment exchange has remarkably stabilized at 37.9 lakhs in 1999 as against 37.8 lakhs in the previous year. Thus, job prospects for young people have improved significantly. We have a long-term economic ambition that we

LIBRARY ARCHIVES Kerala Legislative Assembly

will be able to combat the problem of unemployment completely. By creating the right atmosphere in increasing employment opportunities for all, Government hopes to tackle one of the most important underlying cause of deprivation.

10. A budget always brings with it, its own special vocabulary, We talk in the language of deficits and surplus and of percentage and indices. This is perhaps too ingrained in our system. But it would be a mistake if all this obscures what budgets should really be about. I mentioned about the financial burden that the States had to face in the last two years. The revenue deficit has no doubt grown from Rs. 643 cr. in 1996-97 to Rs. 2027 cr. in 1998-99. But here is a fact that I would like to remind the house. As per accounting norms laid down by the Comtroller and Auditor General all grants are classified as revenue expenditure. As Hon. members are aware, we transfer roughtly 40% of our Plan outlay to the Local Bodies as grants. Though easily about 70% of these grants are spent on capital expenditure yet it can be accounted only as revenue expenditure. Towards this accounting nomenclature. Rs. 2931 cr. transferred by this Government to the local bodies in the last four years has been classified only as Revenue Expenditure though 70% of this has gone to Capital works. Thus the amount of revenue deficit has becomes unrepresentative of the factual position. Even the Eleventh Finance Commission has accepted this anomaly. It is only due to such large capital expenditure made by the local bodies that the State has recorded a high and steady economic growth.

11. I would like to share with you another ground on which as Finance Minister, I feel particularly happy about. You will agree that the State prepares for the future through its capital investments. In spite of the odds that I have had to contend with, and notwithstanding ending the massive transfer of resources to local bodies, three has been no let up in the capital expenditure over the last three years. Capital Expenditure has continued to grow from Rs. 563 cr. in 1995-96 to Rs. 765 cr. in this year. I intend to continue this trend in this budget for 2000-2001 that I am presenting before the house today. This house had enacted the Kerala Infrastructure Investment Fund Bill in the last session. We have successfully been able to raise Rs. 507 cr. from investors. We are confident that through this fund, a minimum of Rs. 200 cr. can be additionally pumped in as capital expenditure in 2000-2001 itself, over and above what I have proposed in the budget. I have kept Rs. 25 cr. in the Plan as Government's equity contribution to the Kerala Infrastructure Investments Fund. A new legislative framework to support new infrastructure projects on the basis of Build, Own, Transfer (BOT), Build, Own, Operate, Transfer (BOOT) among others has been drafted and is under active consideration. All this will prepare the grounds for a stronger and vibrant Kerala.

LIBRARY ARCHIVES Kerala Legislative Assembly

12. In my last Budget Speech, I had expressed the hope that Government will be able to garner substaial resources through the Asian Development Bank. Unfortunately, the sanction imposed in the wake of India's nuclear trials have delayed this. But ADB has now resumed the dialogue with Government. We are very hope that the agreement between ADB and our Government can be signed in 2000-01 itself. This will be a development that would have far reaching implications for the growth of our State.

13. There is ground for overall optimism on several fronts. Agricultural income after a steady decline for three years from 1995-98 has recovered significantly. From an average of 1.3% during the previous three years, the growth rate in agricultural income has registered 3.82%. Similarly the manufacturing sector, which reached negative growth levels in 1996-97, has staged an admirable turnaround and is showing a growth rate of over 7% in the last two years.

14. My focus in this budget shall be two fold. I have tried to allocate resources to sectors of the economy that offer the best potential for the State and will yield the highest dividends to the State. No doubt, we will continue our efforts with the same vigour in basic sectors like education, health, industry and agriculture among others. But this budget will also recognise the benefits of higher investment in Information technology and Tourism. These are areas where additional investment will further boost the present trend of our economic growth. At the same time, as the figures I present before you will show, I have tried to arrest the growth of the revenue deficit in the next year. This shall continue to be one of Government's prime concerns in the coming years.

15. Let me now outline the spending plan that I have for various sectors.

Information Technology

16. Last year, I had announced that Departments could set apart up to 3% of their outlays for deploying IT in administration and had also announced an attractive package for IT units in the State. The initiatives of Government in the IT sector have started paying rich dividends. The first phase of the State Information Infrastructure is under implementation. Kerala will be the first State to have its own Information Highway, which connects Sub-District Levels. As a part of increasing the efficiency of administration, IT deployment is actively underway in the following Major Department Treasuries Sales Tax, Registration, Revenue, Motor Vehicles and Civil Supplies. The computer networking of Local Bodies will be completed in the next financial year.

17. On a pilot project basis, Integrated Service Centres, where a citizen can access a range of Government services under a single umbrella will be opened. A telemedicine project to increase the coverage of specialised medical facilities will be set up in Kottayam Medical College.

LIBRARY ARCHIVES Kerala Legislative Assembly